# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4273 — 16/12/2014-ൽ മറുപടിക്ക്

### കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന പി.വി.റ്റി.ജി. പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന പി.വി.റ്റി.ജി. പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികളുടെയും പദ്ധതികളുടെയും വിശദാംശം നൽകുമോ ; | (എ) | പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള 148 കോടി രൂപയിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി നാളിതുവരെ 1,18,98,31,761/ രൂപ ചെലവഴിച്ചു. നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | കാടർ, കുറുമ്പർ, കൊറവർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേകം പ്രത്യേകമായി ടി പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികളുടെ വിശദാംശം നൽകുമോ; | (ബി) | വിഭാഗം തിരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടില്ല. പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ 5 വിഭാഗത്തിൽപ്പെട്ട പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർക്കായി നടപ്പിലാക്കി വരുന്നു. നടപ്പാക്കിയവയുടെ വിവരം ഒന്നാമത്തെ മറുപടി പ്രകാരം അനുബന്ധമായി നൽകിയിട്ടുണ്ട്. |
| (സി) | കൂടുതൽ കേന്ദ്ര സഹായം പ്രസ്തുത പദ്ധതിയ്ക്കായി വേണ്ടിവരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | (സി) | പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖാന്തിരം ലഭിച്ച 148 കോടി രൂപയുടെ പദ്ധതിയാണിത്. ആയതിനാൽ അധിക കേന്ദ്ര സഹായം ലഭ്യമാകുകയില്ല. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതിന്റെ ഫലമായി ടി വിഭാഗങ്ങൾക്കിടയിൽ വന്ന് ചേർന്നിട്ടുള്ള വികസന മേഖലകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | വിലയിരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ, പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

4273
16/12

## അനുബന്ധം

1. **ഭവന നിർമ്മാണം-** 2015 വീടുകൾ അനുവദിച്ചു. ഇതുവരെ 996 വീടുകൾ പൂർത്തീകരിച്ചു. മറ്റുള്ളവ പണി പുരോഗമിക്കുന്നു. ഈ ഇനത്തിൽ 59,97,39,000/- രൂപ ഇതുവരെ ചെലവഴിച്ചു.
2. **വൈദ്യുതീകരണം** - 77 സങ്കേതങ്ങൾ വൈദ്യുതീകരിക്കുന്നതിനായി 5,60,47,446/- രൂപ ചെലവഴിച്ചു.
3. **കുടിവെള്ളം-** 102 സങ്കേതങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയിൽ ഇതുവരെ 19,26,45,000/- രൂപ ചെലവഴിച്ചു.
4. **മണ്ണ്, ജല സംരക്ഷണം-** 80 സങ്കേതങ്ങളിൽ ഈ പ്രവൃത്തിയ്ക്കായി 8,32,71,000/- രൂപ ചെലവഴിച്ചു.
5. **റോഡുകൾ** - 15 സങ്കേതങ്ങളിലേയ്ക്ക് റോഡ് അനുവദിച്ചു. ഇതിൽ 6 റോഡുകൾ പൂർത്തീകരിച്ചു. 9 റോഡുകളുടെ പണി പുരോഗമിക്കുന്നു. ഈ ഇനത്തിൽ ഇതുവരെ 8,96,83,210/- രൂപ ചെലവഴിച്ചു.
6. **ഭക്ഷ്യ സുരക്ഷാ പദ്ധതി** - പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗത്തിൽപ്പെട്ട 8101 കുടുംബ ങ്ങൾക്ക് മാസം 25 കിലോ അരി, 2 കിലോ വീതം ചെറുപയർ, വൻപയർ, കടല, പഞ്ചസാര, 2 ലിറ്റർ വെളിച്ചെണ്ണ, 500 ഗ്രാം ചായപ്പൊടി, എന്നിവ വിതരണം ചെയ്തു വരുന്നു. ഈ ഇനത്തിൽ ഇതുവരെ 10,73,36,948/- രൂപ ചെലവഴിച്ചു.
7. **മൊബൈൽ മെഡിക്കൽ യൂണിറ്റ്-** പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗക്കാർക്കായി കാസർഗോഡ്, കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി, നിലമ്പൂർ, പാലക്കാട്, മണ്ണാർക്കാട് (അട്ടപ്പാടി ഉൾപ്പെടെ) എന്നിവിടങ്ങളിലായി 7 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ ഇനത്തിൽ ഇതുവരെ 1,35,61,431/- രൂപ ചെലവഴിച്ചു.
8. **ഹെൽത്ത് പ്രൊമോട്ടർമാർ** - ഹെൽത്ത് പ്രൊമോട്ടർമാർക്ക് ഹോണറേറിയം ഇനത്തിൽ ഇതുവരെ 2,32,32,504/- രൂപ ചെലവഴിച്ചു. പ്രൊമോട്ടർമാരുടെ ട്രെയിനിംഗിനായി 8,33,516/- രൂപ ചെലവഴിച്ചു. പ്രൊമോട്ടർമാർക്ക് ഡ്രഗ് കിറ്റ്സ് നൽകിയ ഇനത്തിൽ 5,21,748/- രൂപ ചെലവഴിച്ചു.
9. 6 സ്പെഷ്യൽ അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. വയനാട് ജില്ലയിൽ 5 ഉം, പാലക്കാട് 1 ഉം. ഈ ഇനത്തിൽ 25,35,141/- രൂപ ചെലവഴിച്ചു.
10. 4 പെരിപ്പതറ്റിക് സെന്ററുകൾ (വയനാട് 3, നിലമ്പൂർ 1) പ്രവർത്തിക്കുന്നു. ഈ ഇനത്തിൽ 5,59,940/- രൂപ ചെലവഴിച്ചു.
11. ഊരുകൂട്ട ശാക്തീകരണത്തിനായി 4,15,000/- രൂപ ചെലവഴിച്ചു.
12. പ്ലാനിംഗ്, ഇംപ്ലിമെന്റേഷൻ, മോണിറ്ററിംഗ് ഇനത്തിൽ നാളിതുവരെ 1,94,49,877/- രൂപ ചെലവഴിച്ചു.

R. [signature]
സെക്ഷൻ ഓഫീസർ